## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3286 14.03.2018 - ൽ മറുപടിയ്ക്ക്**

**<u>അവയവമാറ്റ ശസ്ത്രക്രിയ</u>**

| **<u>ചോദ്യം</u>**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **<u>മറുപടി</u>**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി )** |
|---|---|
| (എ) സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെ സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരുടെ പ്രശ്നങ്ങൾ പരിശോധിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് തുടർചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് തുടർചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല |
| (സി) നിലവിൽ ഇവർക്ക് നൽകുന്ന ചികിത്സ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; | (സി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന വർക്ക് അവരവരുടെ ആരോഗ്യസ്ഥിതി അനുസരിച്ച് അവരെ ചികിത്സിയ്ക്കുന്ന ഡോക്ടറാണ് ചികിത്സ നിശ്ചയിക്കുന്നത്. |
| (ഡി) തുടർ ചികിത്സയ്ക്ക് ആവശ്യമായ പണം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സകൾക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസം II പദ്ധതി പ്രകാരം വൃക്ക/കരൾ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയ രാകുന്ന 1 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്. അവയവ മാറ്റ ശസ്ത്രക്രിയ നടത്തി 6 മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ